"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിന്റെ കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.79/2026/PPAD തിരുവനന്തപുരം, തീയതി, 09-06-2026**

---

പരാമർശം:-

1. 01.08.2024 തീയതിയിലെ സ.ഉ(സാധാ) നം.80/2024/SPD
2. സ്റ്റേഷനറി കൺട്രോളറുടെ 11.02.2026, 18.04.2026 എന്നീ തീയതികളിലെ STY/315/2025-DI നമ്പർ കത്തുകൾ.

**ഉത്തരവ്**

2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/ പൊതുമേഖല സ്ഥാപനങ്ങൾ/ സഹകരണ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിന് സ്റ്റേഷനറി വകുപ്പിനും, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനും (കെ.പി.പി.എൽ)-നും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത കരാർ കാലാവധി 2026 മാർച്ച് 31-ന് അവസാനിച്ചിട്ടുള്ളതിനാൽ കരാർ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ചും അടുത്ത സാമ്പത്തിക വർഷത്തേക്ക് പാഴ്കടലാസ് നീക്കുന്നതിനുള്ള കരാർ ക്ഷണിക്കുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകണമെന്ന് പരാമർശം (2) പ്രകാരം സ്റ്റേഷനറി കൺട്രോളർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാഴ്ക്കടലാസ് നീക്കം ചെയ്ത വകയിൽ സ്റ്റേഷനറി വകുപ്പിന്റെ റെസീപ്റ്റ് ശീർഷകത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് കൃത്യമായി തുക ഒടുക്കുന്നില്ല എന്നത് സർക്കാർ ഗൗരവമായി വീക്ഷിക്കുന്നു. കെ.പി.പി.എൽ. നെ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പാഴ്ക്കടലാസുകൾ നീക്കം ചെയ്ത് തുക സ്റ്റേഷനറി വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ കൃത്യമായി ഒടുക്കേണ്ടതാണെന്ന് KPPL-ന് കർശന നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം കെ.പി.പി.എൽ. നും സ്റ്റേഷനറി വകുപ്പിനും അനുവദിച്ചുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിനായുള്ള കരാർ കാലാവധി, നിലവിലുള്ള കരാർ അവസാനിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അല്ലെങ്കിൽ പുതിയ കരാർ നിലവിൽ വരുന്നതു വരെ ഏതാണോ ആദ്യം, എന്ന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജികുമാർ ആർ

ജോയിന്റ് സെക്രട്ടറി

1) എല്ലാ സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖലാസ്ഥാപനങ്ങൾ/ സഹകരണ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ഏജൻസികൾ/സൊസൈറ്റികൾ/സർവ്വകലാശാലകൾ/ അക്കാദമിക് സ്ഥാപനങ്ങൾ (സ്റ്റേഷനറി കൺട്രോളർ മുഖേന ).

2) കൺട്രോളർ, സ്റ്റേഷനറി വകുപ്പ്, തിരുവനന്തപുരം.

3) ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.

4) സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് ( KPPL) , ന്യൂസ്പ്രിന്റ് നഗർ, വെള്ളൂർ, കോട്ടയം.

5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ &ഇ ), കേരള.,തിരുവനന്തപുരം.

6) വ്യവസായ (ജി) വകുപ്പ്

7) പൊതുസംഭരണ ഉപദേശകകാര്യ (ബി) വകുപ്പ് (PPA-B1/9/2026-PPAD)

8. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 09-06-2026 11:58:23
സെക്ഷൻ ഓഫീസർ